# Desabhimani

## 31 August 2018

## Alappuzha, Kuttanad, After Flood, Flood Victims, Distributed Kits

# ഒന്നരലക്ഷം കിറ്റുകളുടെ വിതരണം തുടങ്ങി

**സ്വന്തം ലേഖകൻ**

**ആലപ്പുഴ**

പ്രളയക്കെടുതിക്കിരയായി വീടുവിട്ടവർ മടങ്ങിയെത്തുമ്പോൾ ജീവിതം കരപിടിപ്പിക്കാനും സർക്കാരിന്റെ കൈത്താങ്ങ്. സകലതും ഉപേക്ഷിച്ച് സർക്കാർ ഒരുക്കിയ ദുരിതാശ്വാസക്യാമ്പുകളിൽ അഭയം തേടിയവർക്കാണ് ഭക്ഷണം പാകം ചെയ്യാനുള്ളതടക്കം അവശ്യസാധനങ്ങളുടെ കിറ്റ് നൽകുന്നത്. ഒന്നരലക്ഷം കിറ്റുകളാണ് തയ്യാറാക്കുന്നത്. താലൂക്ക് അടിസ്ഥാനത്തിൽ ഓരോ കേന്ദ്രങ്ങളിലായി കിറ്റുകൾ നിറയ്ക്കാനുള്ള പ്രവർത്തനങ്ങൾ വളരെ വേഗം പുരോഗമിക്കുന്നു. തയ്യാറാക്കിയ കിറ്റുകൾ ക്യാമ്പുകളിൽ നിന്ന് മടങ്ങുന്നവർക്ക് വിതരണം ചെയ്യുന്ന പ്രവർത്തനങ്ങളും സമാന്തരമായി മുന്നേറുന്നുണ്ട്. അമ്പലപ്പുഴ, കുട്ടനാട് താലൂക്കുകളിൽ 37,836 കിറ്റുകൾ ഇതിനകം വിതരണംചെയ്തു. കേരളം ഇന്നുവരെ കാണാത്ത പ്രളയക്കെടുതിയെ അതിജീവിക്കാൻ സാധ്യമായതെല്ലാം ഒരുക്കുന്ന സർക്കാർ സംവിധാനങ്ങൾ എണ്ണയിട്ട യന്ത്രം പോലെ പ്രവർത്തിക്കുകയാണ്. രാഷ്ട്രീയ വിരോധത്താലുള്ള പരാതികളും കുത്തിതിരിപ്പുകളും ഒഴിച്ചാൽ ക്യാമ്പുകളുടെ പ്രവർത്തനം നല്ല നിലയിൽ നടന്നു. 22 സാധനങ്ങളടങ്ങിയതാണ് കിറ്റ്. അഞ്ച് കിലോ അരി, പയർ, എണ്ണ, പരിപ്പ്, പഞ്ചസാര എന്നിവ അരക്കിലോ വീതവും കിറ്റിലുണ്ടാകും. മുളകുപൊടി, മല്ലിപ്പൊടി, സാമ്പാർപൊടി തുടങ്ങിയ പലവ്യഞ്ജനങ്ങളുമുണ്ട്. ബ്രഷ്, പേസ്റ്റ്, കുളിക്കാനും അലക്കാനുമുള്ള സോപ്പ്, നൈറ്റി അല്ലെങ്കിൽ സാരി, കൈലി, പാൽപ്പൊടി, ബിസ്ക്കറ്റ് എന്നിവയും കിറ്റിൽ നിറയ്ക്കുന്നു. സപ്ലൈകോയിൽ നിന്ന് ശേഖരിച്ച സാധനങ്ങൾക്കൊപ്പം സന്നദ്ധസംഘടനകൾ വഴി ജില്ലയിലെത്തിച്ച സാമഗ്രികളും ഉൾപ്പെടുത്തിയാണ് കിറ്റുകൾ തയ്യാറാക്കുന്നതെന്ന് ചുമതല നിർവഹിക്കുന്ന എഡിഎം ഐ അബ്ദുൾ സലാം പറഞ്ഞു.

വളരെ വേഗം ഓരോ കുടുംബങ്ങളിലും കിറ്റുകൾ എത്തിക്കാനാണ് ഓരോ താലൂക്കുകളിലും കിറ്റ് നിറയ്ക്കൽ കേന്ദ്രങ്ങൾ തുറന്നത്. ചെങ്ങന്നൂർ താലൂക്ക് കേന്ദ്രം സെന്റ് തോമസ് കോളേജിലാണ്. കാർത്തികപ്പള്ളി താലൂക്കിലേത് നങ്ങ്യാർകുളങ്ങര ടികെഎം കോളേജിലും മാവേലിക്കരിൽ ബി എച്ച് ഓഡിറ്റോറിയത്തിലും ചേർത്തലയിൽ റസ്റ്റ് ഹൗസ് പരിസരത്തും പ്രവർത്തിക്കുന്നു. കുട്ടനാട് താലൂക്കിൽ പ്രളയം വിട്ടൊഴിയാത്തതിനാൽ ഇവിടുത്തെയും അമ്പലപ്പുഴയുടെയും കേന്ദ്രം ആലപ്പുഴ എസ്ഡി കോളേജിൽ സജ്ജമാക്കി. പ്രളയം ഏറെ ബാധിച്ച ചെങ്ങന്നൂരിലും കുട്ടനാട്ടിലും 40,000 കിറ്റുകൾ തയ്യാറാക്കുകയാണ് ലക്ഷ്യം. മറ്റ് താലൂക്കുകളിൽ 20,000 വീതവും തയ്യാറാക്കും. കുടുംബശ്രീ അംഗങ്ങളുടെ സേവനം ഉപയോഗപ്പെടുത്തിയാണ് കിറ്റുകൾ നിറയ്ക്കുന്നത്. വിശ്രമ സമയം കുറച്ചുകൊണ്ട് ദിവസം അയ്യായിരത്തോളം കിറ്റുകൾ ഇവർ ഒരുക്കുന്നുണ്ട്. രണ്ടുദിവസം കൊണ്ട് കിറ്റ് നിറയ്ക്കൽ പൂർത്തിയാകും. നിറച്ച കിറ്റുകൾ അതാത് വില്ലേജുകളിലേക്ക് എത്തിക്കും. ജനപ്രതിനിധികളുടെ സഹായത്തോടെ പഞ്ചായത്ത് സെക്രട്ടറിമാരും വില്ലേജ് ഓഫീസർമാരും വിതരണചുമതല കുറ്റമറ്റ നിലയിൽ നിർവഹിക്കണമെന്നും സർക്കാർ നിർദേശിച്ചിട്ടുണ്ട്. ക്യാമ്പുകളിൽ രജിസ്റ്റർചെയ്തശേഷം ബന്ധുവീടുകളിലും മറ്റും താമസിച്ചവർക്കും കിറ്റ് നൽകും.